# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 532      12.06.2012 ൽ മറുപടിയ്ക്ക്

### വനം വിജിലൻസ് വിംഗിൻെറ പ്രവർത്തനോദ്ദേശ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. പി.റ്റി.എ. റഹീം<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

(എ) വനം വകുപ്പിൻെറ കീഴിലുള്ള വനം വിജിലൻസ് വിംഗിൻെറ പ്രവർത്തനോദ്ദേശ്യങ്ങൾ, ഘടന എന്നിവ വ്യക്തമാക്കുമോ;

(എ) വനം വകുപ്പിൻെറ ടെറിട്ടോറിയൽ വന്യജീവി വിഭാഗങ്ങളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക, വകുപ്പിലെ വിവിധ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ അച്ചടക്ക ലംഘനം, വീഴ്ചകൾ തുടങ്ങിയവ അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുക, അനധികൃത വനവിഭവങ്ങളുടെ കടത്ത്, നായാട്ട്, വനം കൈയ്യേറ്റം, കഞ്ചാവു കൃഷി, ചന്ദനക്കള്ളക്കടത്ത് മുതലായ കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടെത്തി നടപടിയെടുക്കുക, പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളെക്കുറിച്ച് യഥാസമയം അന്വേഷിച്ച് ബന്ധപ്പെട്ടവർക്ക് നടപടിയ്ക്ക് ശുപാർശ ചെയ്യുക തുടങ്ങിയവയാണ് വിജിലൻസ് വിംഗിൻെറ പ്രവർത്തനോദ്ദേശ്യങ്ങൾ. വിജിലൻസ് വിംഗിൻെറ ഘടന താഴെപ്പറയുന്നു. വിജിലൻസ് വിഭാഗത്തിൻെറ ആസ്ഥാനം തിരുവനന്തപുരത്തുള്ള ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സാണ്. കൂടാതെ കോഴിക്കോട് കോട്ടയം എന്നീ രണ്ടു മേഖലകളിലായി ഇൻസ്പെക്ഷൻ & ഇവാലുവേഷൻ ഫോറസ്റ്റ് കൺസർവേറ്റർമാരും പ്രവർത്തിക്കുന്നുണ്ട്. ഓരോ ഫോറസ്റ്റ് കൺസർവേറ്ററുടേയും കീഴിൽ നാല് ഡിവിഷണൽ

ഫോറസ്റ്റ് ആഫീസുകൾ വീതം പ്രവർത്തിക്കുന്നുണ്ട്. (ആകെ 8 ഡിവിഷനുകൾ). ഓരോ ഡിവിഷനുകളിലും രണ്ടോ മൂന്നോ ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ചാഫീസർമാരും റെയിഞ്ചാഫീസറെ സഹായിക്കാനായി പ്രൊട്ടക്ഷൻ വിഭാഗം ജീവനക്കാരും പ്രവർത്തിക്കുന്നുണ്ട്. (ആകെ 18 റെയിഞ്ച്) വിജിലൻസ് ആസ്ഥാനത്ത് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ സഹായിക്കാനായി നാല് അസിസ്റ്റൻറ് കൺസർവേറ്റർമാർ ജോലി ചെയ്യുന്നുണ്ട്. വിജിലൻസ് വിഭാഗത്തിൽ വിവിധ തസ്തികകളിലായി സംസ്ഥാനത്ത് 267 ഉദ്യോഗസ്ഥന്മാരെ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. വനം വകുപ്പിൻെറ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിൽ ഇൻറലിജൻസ് സെൽ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഒരു അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ നേതൃത്വം നൽകുന്ന സെല്ലിൽ ഒരു റെയിഞ്ചാഫീസറും 2 ഫോറസ്റ്റ് ഗാർഡുമാരും ജോലി നോക്കുന്നു.

| | | | |
|---|---|---|---|
| (ബി) | വ്യാജരേഖ ചമച്ച് വകുപ്പിൻെറ എസ്റ്റേറ്റുകൾ വിൽപ്പന നടത്തുന്നതും മരം മുറിക്കുന്നതും മറ്റും തടയാൻ നടപടി സ്വീകരിക്കുന്നതിന് വനം വിജിലൻസ് വിംഗ് തയ്യാറാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | നിലവിലുള്ള ഘടനയിൽ മാറ്റം വരുത്തി വനം വിജിലൻസ് വിംഗ് ശക്തിപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) | വനം വിജിലൻസ് വിഭാഗം പുന:സംഘടിപ്പിക്കുന്നതിനുള്ള ശുപാർശകൾ വനം വകുപ്പിൻെറ ആധുനികവത്ക്കരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ നടപടികൾ തുടങ്ങി കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**